മനസ്സിലാക്കാൻ കഴിയുന്നത്. ഇങ്ങനെ ആഭ്യന്തര വിപണിയിൽ വിറ്റാൽ മാർക്കറ്റിംഗ് ഫെഡറേഷൻ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ എത്തുകയും മുന്നോട്ടു പോകാൻ കഴിയാത്ത ഒരു സാഹചര്യം ഉണ്ടാവുകയും ചെയ്യും; ഇപ്പോഴുള്ള വില തന്നെ കൃഷിക്കാർക്ക് ലഭിക്കാത്ത സാഹചര്യം ഉണ്ടാകും; അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച പാക്കേജിന്റെ വിശദാംശങ്ങൾ രൂപപ്പെടുന്നതുവരെ മാർക്കറ്റിംഗ് ഫെഡറേഷൻ വഴി സംഭരിച്ച കുരുമുളക് ആഭ്യന്തര വിപണിയിൽ വിറ്റഴിക്കില്ല എന്ന തീരുമാനം ബഹുമാനപ്പെട്ട ഗവൺമെന്റ് കൈക്കൊള്ളുമോ എന്നു വ്യക്തമാക്കുമോ?

ശ്രീ. ഉമ്മൻചാണ്ടി: സർ, മാർക്കറ്റിംഗ് ഫെഡറേഷൻ സംഭരിച്ചിട്ടുള്ള കുരുമുളക് ഒരു കാരണവശാലും ആഭ്യന്തര മാർക്കറ്റിൽ വിൽക്കരുത് എന്നു വ്യക്തമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് വീണ്ടും കൊടുക്കാം. ഇതിന്റെ കയറ്റുമതിക്കുള്ള സാധ്യത ഇന്നു പരിശോധിച്ചുവരികയാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്നു ഒരു കിലോഗ്രാമിന് 22 രൂപ ഇൻസെന്റീവായി കയറ്റുമതിക്ക് ഒരു പ്രോത്സാഹനം നൽകുന്ന സ്കീം അതിന്റെ അവസാന ഘട്ടത്തിലാണ്. ആ സ്കീമിന് അംഗീകാരം കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. എങ്കിൽ ആ സ്കീമിന്റെ പ്രയോജനംകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് കുരുമുളക് കയറ്റുമതിക്കായിരിക്കും ശ്രമിക്കുന്നത് എന്നു വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

(2) സംസ്ഥാനത്ത് പടർന്നു പിടിച്ചിട്ടുള്ള വൈറൽ പനി

ശ്രീ. ബിനോയ് വിശ്വം: സർ, ഈ നോട്ടീസ് തന്നത് കഴിഞ്ഞമാസം 11-ാം തീയതിയാണ് സംസ്ഥാനത്താകെ അന്ന് വൈറൽ പനി പടർന്നു പിടിച്ചിട്ട് ആ ദിവസങ്ങളിൽ ഒരു ലക്ഷം പേർ വിവിധ ആശുപത്രികളിലേക്ക് പോയിക്കൊണ്ടിരിക്കുകയായിരുന്നു. ഇന്നിപ്പോൾ ചർച്ച ചെയ്യുന്ന ഈ ദിവസം അവരുടെ സംഖ്യ 3 ലക്ഷമായി എന്നാണ് ഏകദേശ വിവരം. അത് മിക്കവാറും ശരിയായിരിക്കും. അന്നില്ലാത്ത ഈ പേമാരിയും അയോർട്ടിക്യാമ്പുകളും പ്രശ്നങ്ങളും എല്ലാം കുമിഞ്ഞു കൂടിയപ്പോൾ വൈറൽ പനിയും പടർന്നു പിടിക്കുകയാണ്. ജൂലായ് മാസം തന്നെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി 15 ഓളം ആളുകൾ മരിച്ചുവെന്നാണ് കണക്ക്. അത് കൃത്യമാകണമെന്നില്ല. പത്രവാർത്തയെ മാത്രം അടിസ്ഥാനമാക്കുമ്പോൾ ജൂലായ് മാസത്തെ കണക്ക് വച്ച് നോക്കിയാൽ 15 ആളുകൾ മരിച്ചു. ആ സംഖ്യ കൂടിക്കൊണ്ടിരിക്കാൻ സാധ്യതയുണ്ട്. ആരുടെയും കുറ്റമാണെന്നു ഞാൻ പറയുകയില്ല. ഇതുപോലെ ഒരു പുതിയ ഭീഷണിയുമായി വൈറൽ പനി, ഒരു പ്രത്യേകതരം വൈറസ് പുതിയതായി ഉണ്ടായി എന്നു പറയുന്നു, അതിന്റെ ആക്രമണം മൂലം ആളുകൾ പനിക്ക് വിധേയമാകുന്നു പനി പിടിച്ചവർക്ക് ഛർദ്ദിയും ക്ഷീണവും ഉണ്ടാകുന്നു. ഇതെല്ലാം ഉണ്ടായിക്കൊണ്ട് രണ്ടും മൂന്നും ആഴ്ച കിടപ്പിലായി പോകുന്നു. പനി വന്നവരൊക്കെ പറയുന്നു ഈ പനി വന്നു മാറിയാലും സാധാരണഗതിക്ക് ജീവിതം ആരംഭിക്കാൻ വീണ്ടും ആഴ്ചകൾ വേണ്ടിവരുമെന്നാണ്. എനിക്ക് ആ പനി പിടിച്ചതാണ്. ആ പനി മന്ത്രിക്ക് പിടിച്ചെങ്കിൽ മന്ത്രിയും പറയും. ആ പനി മാറിക്കഴിഞ്ഞാലും ആളുകളുടെ ക്ഷീണവും പ്രയാസവും വീണ്ടും നിലനിൽക്കും, ആഴ്ചകളോളം. ഈ പനിയുടെ രൂക്ഷതയെപ്പറ്റി ഗവൺമെന്റിന് ബോദ്ധ്യമുണ്ടോ, വൈറൽ പനിയെപോലെയുള്ള പുതിയ രീതിയിലുള്ള ആക്രമണമുള്ള വൈറസുകൾ വന്നിട്ട് പനിയുടെ ആക്രമണ ഭീഷണി അഴിച്ചുവിടുമ്പോൾ ഗവൺമെന്റ് ആ സ്ഥിതിയെ നേരിടാൻവേണ്ടിയുള്ള സജ്ജമായ നിലയ്ക്കുണ്ടോ എന്ന

LIBRARY ARCHIVES Kerala Legislative Assembly

പോദ്യമാണ് ഞാൻ ഉന്നയിക്കുന്നത്. പല ആശുപത്രികളിലും വേണ്ടത്ര മരുന്നില്ല. ഡോക്ടർമാരില്ല. പനി പിടിച്ച് രോഗികളും ആശുപത്രി വരാന്തകളിൽ കൊടുംതണുപ്പത്ത് തറയിൽ കിടക്കുന്ന കാഴ്ച എല്ലായിടത്തും കാണാം. നക്ഷത്ര ആശുപത്രികളിൽ പോയി ചികിൽസിക്കാൻ കഴിയാത്തവരാണ് നാട്ടിലെ ഭൂരിപക്ഷം ആളുകളും. അവർക്ക് അസുഖം വന്നാൽ സഹായിക്കേണ്ടത് ആരാണ്? സർക്കാരാണ്. സർക്കാർ ആശുപത്രികളാണ്. ആ ആശുപത്രികളിൽ സൗകര്യങ്ങളൊന്നും ഇല്ല. ഒട്ടും മെച്ചമല്ല നമ്മുടെ മെഡിക്കൽ സിസ്റ്റം എന്നു ഞാൻ ആരോപിക്കുകയാണ്. ഇതുപോലെ ഒരു വ്യാപകമായ രോഗ ഭീഷണി പടർന്നു പിടിച്ചാൽ ആളുകളൊക്കെ കൂട്ടമായി മരിക്കുന്നില്ലായിരിക്കാം. പക്ഷേ പനിമൂലമുള്ള മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. അഭയാർത്ഥി ക്യാമ്പുകളിൽ ശ്രദ്ധിച്ചില്ലെങ്കിൽ പനി പടർന്നു പിടിക്കും. അത് വൈറൽ പനി മാത്രമാകണം എന്നില്ല. പല വിധ അസുഖങ്ങളും പടർന്നുപിടിച്ച് അഭയാർത്ഥി ക്യാമ്പുകളിൽനിന്ന് മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടേക്കാവുന്ന അവസ്ഥയിൽ ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കണം. എല്ലാ ആശുപത്രികളിലും മരുന്നുകളും എത്തിച്ചു കൊടുത്തേ മതിയാകൂ. പലയിടത്തും കൂടാനാണ് സാദ്ധ്യത. പനിക്ക് കാരണമായ വൈറസിനെ നേരിടുന്നതിന് പല ആശുപത്രികളിലും വേണ്ടത്ര ഡോക്ടർമാർ ഇല്ല. നാദാപുരത്തെ ആശുപത്രിയിൽ ഡോക്ടർമാർ വേണ്ടത്ര ഇല്ല. പി. എച്ച്. സി. കളിൽ ഒന്നും ഡോക്ടർമാരായി ആരും ഇല്ല. ഒരു ഡോക്ടറാണ് രാത്രിയും പകലും രോഗികളെ നോക്കേണ്ടത്. നാട്ടിൻ പുറങ്ങളിലെ ആരോഗ്യ സംവിധാനം മുഴുവൻ തകർന്ന് താറുമാറായിരിക്കുകയാണ്. അവിടെ അസുഖം വന്നാൽ ആരും നോക്കാനില്ല. രാത്രിയും പകലും മഴയാണ്. ഈ പെരുമഴയത്ത് അസുഖം വന്ന് പിടയുന്ന മനുഷ്യർക്ക് ചികിൽസ നൽകാൻ യുദ്ധകാലാടിസ്ഥാനത്തിൽ ഡോക്ടർമാരെ റീ—ഡിപ്ലോയ് ചെയ്യുന്നതിനും മരുന്ന് എത്തിക്കുന്നതിനുമുള്ള നടപടികളും ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, മൺസൂൺ കാലത്ത് ഉണ്ടാകാവുന്ന രോഗങ്ങളും നിയന്ത്രിക്കുന്നതിന് മഴക്കാലത്തിനു മുമ്പുതന്നെ മുൻകരുതലുകളും എടുത്തിരുന്നു. മഴക്കാലത്ത് സാധാരണയായി ഉണ്ടാകാറുള്ള വൈറൽപ്പനി, മലമ്പനി, എലിപ്പനി, മഞ്ഞപ്പിത്തം, വയറിളക്കം, ഡങ്കിപ്പനി തുടങ്ങിയ രോഗങ്ങളും പ്രതിരോധിക്കുന്നതിനു ആവശ്യമായ നടപടികളും സ്വീകരിക്കുന്നതിലേക്കായി എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും പ്രത്യേക നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. അതിൻപ്രകാരം എല്ലാ ആശുപത്രികളോടനുബന്ധിച്ചും ഫീവർ ക്ലിനിക്കുകളും തുടങ്ങിയിട്ടുണ്ട്. രോഗനിർണ്ണയത്തിനുള്ള നൂതന സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള സംവിധാനങ്ങളും ഏർപ്പെടുത്തി ആശുപത്രി സൗകര്യങ്ങളും മെച്ചപ്പെടുത്തുകയും ജീവൻ രക്ഷാമരുന്നുകളുടെ ലഭ്യത എല്ലാ ആശുപത്രികളിലും ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. രോഗനിർണ്ണയ കിറ്റുകളും, കീടനാശിനികളും, ബ്ലീച്ചിംഗ് പൗഡർ തുടങ്ങിയവ എല്ലാ ജില്ലകളിലും ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. എലിപ്പനി, ഡങ്കിപ്പനി എന്നിവ നിർണ്ണയിക്കുന്നതിനു ഓരോന്നിനും രണ്ട് കിറ്റുകൾ വീതം എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും അധികമായി നൽകിയിട്ടുണ്ട്. ഒരു കിറ്റുകൊണ്ട് തൊണ്ണൂറോളം പേരുടെ രോഗനിർണ്ണയം നടത്താൻ കഴിയും. നാല് പരിശോധനാ കിറ്റുകൾ മുഖേന ഓരോ ജില്ലയിലും 384 പേർക്ക് വീതം രോഗനിർണ്ണയം നടത്താനുള്ള സൗകര്യം അധികമായി നൽകിയിട്ടുണ്ട്. ആവശ്യമാണെങ്കിൽ ഇനിയും നൽകാൻ തയ്യാറാണ്. ഫോഗിംഗ്, മൽസ്യക്കുഞ്ഞുങ്ങളെ ജലശേഖരങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിക്ഷേപിക്കൽ, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ പ്രവർത്തനങ്ങളും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടത്തിവരുന്നു. കൊതുക് നിയന്ത്രണ പരിപാടികളും ഊർജ്ജിതമാക്കിയിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങളും മുടക്കമില്ലാതെ നടത്തുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ആരോഗ്യ വിദ്യാഭ്യാസ പരിപാടികളും നടത്തിവരുന്നു. ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി ക്ലാസ്സുകളും, ക്യാമ്പുകളും, നോട്ടീസ് വിതരണം, ദൃശ്യമാദ്ധ്യമങ്ങളിൽക്കൂടിയുള്ള ചർച്ചകളും ഫോൺ-ഇൻ-പരിപാടി തുടങ്ങിയ പ്രചാരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. റേഡിയോ, ഇലക്ട്രോണിക് മീഡിയ എന്നിവയുടെ സഹകരണം ഇക്കാര്യത്തിൽ ലഭിക്കുന്നുണ്ട്. കൂടുതൽ സ്ഥലങ്ങളിൽനിന്ന് ജല സാമ്പിളുകളും ഹോട്ടൽ, റസ്റ്റോറന്റുകളും, മറ്റ് ഭക്ഷണശാലകളും എന്നിവിടങ്ങളിൽനിന്ന് ആഹാര സാമ്പിളുകളും പരിശോധിക്കാൻ ഡി. എം. ഒ. മാർക്കും ജില്ലാ ഫുഡ് ഇൻസ്പെക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു എപ്പിഡമിക് കൺട്രോൾ സെൽ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് ദിനംപ്രതിയുണ്ടാകുന്ന പകർച്ചവ്യാധികളുടെ വിവരങ്ങൾ ശേഖരിക്കുകയും ഇതിന്റെ നിയന്ത്രണ നടപടികൾ കൈക്കൊള്ളുന്നത് വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിവിവരക്കണക്കനുസരിച്ച് പകർച്ചവ്യാധികൾ കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്. 2005 ജൂൺമാസം 29-ാം തീയതി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് മന്ത്രിമാരുടേയും സെക്രട്ടറിമാരുടേയും വകുപ്പ് അദ്ധ്യക്ഷൻമാരുടേയും ഒരു യോഗം വിളിച്ച് കൂടുകയും സംസ്ഥാനതലത്തിൽ പകർച്ചവ്യാധികൾ തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിലയിരുത്തുകയുമുണ്ടായി. പ്രതിരോധ പ്രവർത്തനങ്ങൾക്ക് കൂടുതലായി ഒരു ലക്ഷം രൂപവീതം വീണ്ടും ഡി. എം. ഒ. മാർക്ക് അനുവദിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാരും മറ്റ് ഉദ്യോഗസ്ഥരും പങ്കെടുത്ത യോഗത്തിൽ പകർച്ച വ്യാധികൾ തടയുന്നതിനുള്ള മാർഗ്ഗരേഖകളും പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. മരുന്നില്ലെന്ന ഒറ്റപ്പെട്ട പരാതികളുണ്ടായതിനെത്തുടർന്ന് അപ്പപ്പോൾ എല്ലാ കേന്ദ്രങ്ങളിലും മരുന്ന് എത്തിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ബിനോയ് വിശ്വം: മന്ത്രി പറയുന്നതുപോലെ രോഗബാധ കുറയുകയല്ല, കൂടുകയാണ്. സംശയമുണ്ടെങ്കിൽ അങ്ങയ്ക്ക് എല്ലാ ജില്ലകളിലേക്കും പോകാം. എല്ലാ അഡയാർഥ്രീ ക്യാമ്പുകളിലേക്കും പോകാം. അവിടെയെല്ലാം പനി പിടിച്ച് ആളുകളെ ആശുപത്രിയിൽ കൊണ്ടുപോയ റിപ്പോർട്ട് കാണും. ഞാൻ പോയി കണ്ടതാണ്. മൂന്നാറിലും കോഴിക്കോട്ടും തൃശ്ശൂരും കണ്ടു. അവിടെയെല്ലാം എലിപ്പനിയും മഞ്ഞപ്പിത്തവുമൊക്കെ ബാധിച്ച് അഡയാർഥ്രീക്യാമ്പുകളിൽ നിന്ന് ആളുകളെ ആശുപത്രിയിൽ കൊണ്ടുപോവുകയാണ്. അതുകൊണ്ട് ആ വിവരം തീർച്ചയായും വെരിഫൈ ചെയ്യപ്പെടണം. രണ്ടാമത്തെ കാര്യം, എലിപ്പനിയും മഞ്ഞപ്പിത്തവുമെല്ലാം പടർന്നുപിടിക്കുമ്പോൾ വീണ്ടും വരുന്നു സാക്ഷാൽ വ്യജൻമാർ.

മി. സ്പീക്കർ: അങ്ങ് ചോദിക്കൂ. പ്രസംഗം അല്ലല്ലോ. അങ്ങേക്ക് ഒരു ചോദ്യം ചോദിക്കാനുള്ള അവകാശമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ അറിവോടുകൂടി തന്നെ വ്യാജ മരുന്നുകൾ വ്യാപകമായി ഒഴുക്കപ്പെടുകയാണ്. ഇത് ഒരു അവസരമായി കണ്ടുകൊണ്ട് ജനങ്ങളെ പിഴിയുന്നവരെ തടയാനുള്ള ആർജ്ജവം ഗവൺമെൻറ് കാണിക്കുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: വലിയ സബ്മിഷൻ തന്നെയാണ് നടത്തിയിരിക്കുന്നത്. സെൻട്രൽ പർച്ചേസ് കമ്മിറ്റി മുഖേന വാങ്ങുന്ന മരുന്നുകൾ റാൻഡം ചെക്കിംഗിന് വിധേയമാക്കാറുണ്ട്. നിശ്ചിത യോഗ്യതയില്ലാത്ത മരുന്നുകൾ സർക്കാർ ആശുപത്രികളിൽ എത്തിക്കുന്നത് അപ്പോൾത്തന്നെ നിരോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പകർച്ചവ്യാധി ഈ അടുത്ത കാലത്ത് കൂടിയിരുന്നുവെങ്കിലും ഇപ്പോൾ കുറഞ്ഞു വരുന്നുണ്ട്. ഗവൺമെൻറിന് ചെയ്യാൻ കഴിയുന്നത് അതിൻെറ പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചികിൽസാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക എന്നുള്ളതാണ്. അതു സംബന്ധിച്ചുള്ള പരാതി ഒരിടത്തും ഇല്ല. ക്യാമ്പുകളിൽ അങ്ങ് ചെന്നിരുന്നു എന്ന് പറഞ്ഞല്ലോ. ക്യാമ്പുകളിൽ ഞാനും അങ്ങും കൂടി പോയതല്ലേ? ആ ക്യാമ്പുകളിൽ എന്തെങ്കിലും പരാതിയുണ്ടായിട്ടുണ്ടോ? ആരോഗ്യ വകുപ്പിൻെറ പ്രവർത്തനങ്ങളെക്കുറിച്ച് യാതൊരു പരാതിയും ഉണ്ടായിട്ടില്ലല്ലോ. പിന്നെ വെറുതെ പറഞ്ഞിട്ട് എന്താണ് കാര്യം.

(3) ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ

ശ്രീ. കെ. കെ. ഷാജു: സർ, . ശബരിമലയുടെ വികസനവുമായി ബന്ധപ്പെട്ട് ഈ സീസണിൽ നടപ്പാക്കാൻ പോകുന്ന വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് ശബരിമലയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം ശബരിമലയുടെ മൂലസ്ഥാനമായിട്ടുള്ള പന്തളം വലിയകോയിക്കൽ ക്ഷേത്രവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുകൂടി അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നത്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമെന്ന നിലയിൽ ശബരിമലയുടെ വികസനം കേരളത്തിൻെറ വികസനം തന്നെയാണ്. ശബരിമലയുടെ വികസനവുമായി ബന്ധപ്പെട്ട് ധാരാളം പ്രവർത്തനങ്ങൾ ഏറെടുത്ത് നടത്താൻ കഴിഞ്ഞ വകുപ്പിൻെറ ചുമതലയുള്ള മന്ത്രി എന്ന നിലയിൽ നമ്മുടെ ബഹുമാന്യനായ ശ്രീ. കെ. സി. വേണുഗോപാലിന് അഭിമാനിക്കാൻ ധാരാളം നേട്ടങ്ങൾ ഉണ്ട്. അദ്ദേഹത്തിൻെറ മുൻഗാമികൾ ഒരുപാട് വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ശബരിമലയുടെ വികസനത്തിനാവശ്യമായ വനഭൂമി കുറച്ചെങ്കിലും വിട്ടു കിട്ടിയത് അദ്ദേഹത്തിൻെറകൂടി ശ്രമഫലമായിട്ടാണ്. പന്ത്രണ്ട് ഏക്കർ വനഭൂമി കേന്ദ്രം വിട്ടുതന്നിട്ടുണ്ട്. ശബരിമലയുടെ വികസനവുമായി ബന്ധപ്പെട്ട് ഇത്രയും ഭൂമി അപര്യാപ്തമാണെങ്കിലും ഇത്രയും ഭൂമി വിട്ടുകിട്ടുന്നതിന് മന്ത്രി എന്ന നിലയിൽ ശ്രീ. കെ. സി. വേണുഗോപാലും അതുപോലെ ചെറുപ്പക്കാരനായ ദേവസ്വംബോർഡ് പ്രസിഡൻറ് അടക്കമുള്ളവരും ഇതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. അവരെ അഭിനന്ദിക്കേണ്ടതാണ്. മണ്ഡല-മകരവിളക്ക് കാലത്ത് അവിടെ എത്തുന്ന കോടിക്കണക്കിന് കേന്ദ്രജനങ്ങൾക്ക് കലിയുഗ വരദായകനായ അയ്യപ്പസ്വാമിയെ ദർശിച്ച് മടങ്ങുന്നതിനാവശ്യമായ സൗകര്യങ്ങളില്ല. ഉള്ള സൗകര്യങ്ങൾ അപര്യാപ്തവുമാണ്. നിലയ്ക്കൽ ഫാമിംഗ് കോർപ്പറേഷൻെറ കൈവശമുണ്ടായിരുന്ന ഭൂമി ഇപ്പോൾ ദേവസ്വം ബോർഡിന് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly